# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** 07/02/2013 ൽ മറുപടിക്ക്

### സൗജന്യ ജനറിക് മരുന്ന് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ കെ. ബാലൻ<br>ശ്രീ. എളമരം കരീം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. പി. അയിഷാ പോറ്റി | വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സൗജന്യ ജനറിക് മരുന്ന് വിതരണത്തിന് കൂടുതൽ തുക അനുവദിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇപ്പോൾ പ്രസ്തുത പദ്ധതി ഏതൊക്കെ ആശുപത്രികളിലാണ് പ്രാവർത്തികമാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ ; | (ബി) | ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതി 2012 നവംബർ 1-ാം തീയതി മുതൽ ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും ആരംഭിച്ചു കഴിഞ്ഞു. |
| (സി) | ആവശ്യമായ ബഡ്ജറ്റ് വിഹിതം അനുവദിക്കാതെ പ്രസ്തുത പദ്ധതി നടപ്പാക്കിയതു വഴി പദ്ധയിൽപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സംസ്ഥാനത്തൊട്ടാകെ പദ്ധതി നടപ്പാക്കാനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (സി) | ഇല്ല. സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിക്കായി ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകളുടെ ഏകദേശ അളവ് കണക്കാക്കിയാണ് മരുന്നുകൾ ആശുപത്രികൾക്ക് നൽകിവരുന്നത്. പദ്ധതി നടപ്പിൽ വന്നശേഷം മാത്രമേ കൃത്യമായ ആവശ്യകത മനസ്സിലാക്കി അതനുസരിച്ച് മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനും, എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കുന്നതിനും കഴിയുകയുള്ളൂ. ഇപ്പോൾ പരാതിക്കിട നൽകാതെ മരുന്ന് വിതരണം നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എം.എസ്.സി.എൽ. വഴി വാങ്ങി വിതരണം ചെയ്യുന്ന മരുന്നുകളുടെ പ്രതിമാസ കണക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനു മുമ്പും ശേഷവും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇതിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിറ്റഴിച്ച മരുന്നുകളെത്രയെന്നും അറിയിക്കുമോ ? | (ഡി) | കെ.എം.എസ്.സി.എൽ. മുഖേനയാണ് സൗജന്യ ജനറിക് മരുന്നു വിതരണ പദ്ധതി നടപ്പിലാക്കിയത്. 2012-13 സാമ്പത്തിക വർഷത്തിൽ 518 അവശ്യ മരുന്നുകൾ ടെൻഡർ ചെയ്തതിൽ വിതരണക്കാർ ഇല്ലാതിരുന്ന 68 ഇനം മരുന്നുകൾ ഒഴികെ 450 ഇനം മരുന്നുകളും ഇൻഡന്റ് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ മുഖേന നൽകി വരുന്നു. ഇതു കൂടാതെ നവംബർ ഒന്നു മുതൽ ആർ.ഡി.എൽ പ്രകാരമുള്ള 314 ഇനം മരുന്നുകളിൽ 287 ഇനം മരുന്നുകളും നൽകി വരുന്നു. ഇവ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികൾ മുഖേന മാത്രമാണ് ഇപ്പോൾ നൽകി വരുന്നത്. കൂടാതെ ആന്റി കാൻസർ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ട 107 മരുന്നുകളിൽ 70 ഇനം മരുന്നുകൾ 5 മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും നൽകി വരുന്നു.<br><br>2012-13 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ മരുന്നുകൾ എത്തിയത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. ഒക്ടോബർ മാസം മുതലുള്ള തുക ആർ.ഡി.എൽ പ്രകാരമുള്ള മരുന്നുകൾ കൂടെ ഉൾപ്പെട്ടതാണ്. ഇതിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കിയ മരുന്നുകളുടെ തുകയായ 4.82 കോടി രൂപയും (EDL 2.42, RDL 1.25, ACD 1.15) ഉൾപ്പെട്ടും, വിശദവിവരം ചുവടെ ചേർക്കുന്നു. |

| Details of Drugs Purchases from 04.2012 to 01.2013 | | |
|---|---|---|
| Sl. No. | Month | Amount (₹in Crores) |
| 1 | April, 2012 | 3.45 |
| 2 | May, 2012 | 15.39 |
| 3 | June, 2012 | 47.94 |
| 4 | July, 2012 | 52.71 |
| 5 | Aug., 2012 | 33.19 |
| 6 | Sept., 2012 | 36.38 |
| 7 | Oct., 2012 | 21.32 |
| 8 | Nov., 2012 | 22.24 |
| 9 | Dec., 2012 | 18.89 |
| 10 | Jan., 2013 | 17.89 |
| | TOTAL | 269.4 |

സെക്ഷൻ ഓഫീസർ